പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

16/02/2016-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1778

## കോളേജ് അദ്ധ്യാപകരുടെ റെഗുലറൈസേഷൻ

**ചോദ്യം**

ശ്രീ. എം.ഉമ്മർ

**മറുപടി**

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജ് അദ്ധ്യാപകരുടെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന കാര്യത്തിൽ പി.എസ്.സി.യുടെ അനാവശ്യമായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഇല്ല. |
| (ബി) | റെഗുലറൈസേഷൻ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | കോളേജ് അദ്ധ്യാപകരുടെ സർവ്വീസ് റെഗുലറൈസേഷൻ നടത്തുന്നതിന് പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട്, നെറ്റ് / പി.എച്ച്.ഡി. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ റിപ്പോർട്ട് എന്നിവ അനുകൂലമായി ലഭിക്കേണ്ടതുണ്ട്. 14.12.2010 – ന ശേഷം സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകരുടെ പി.എസ്.സി വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ അദ്ധ്യാപകരുടെ റെഗുലറൈസേഷൻ നടപടികൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളു. അദ്ധ്യാപകരുടെ നിയമന പരിശോധനയ്ക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്കാണ് പി.എസ്.സി. പരിശോധന പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ കൈമാറുന്നത്. അദ്ധ്യാപകർ യഥാസമയം ആവശ്യമായ രേഖകൾ സമർപ്പിക്കാതെ വരികയോ വെരിഫിക്കേഷൻ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാതെ വരികയോ ചെയ്യുന്നതുമൂലം റെഗുലറൈസേഷൻ നടപടികൾ വൈകാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | 30.01.2016 വരെയുള്ള കാലയളവിൽ എത്ര പേരുടെ റെഗുലറൈസേഷൻ റിപ്പോർട്ടുകൾ വിദ്യാഭ്യാസ വകുപ്പിന് ലഭ്യമായിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) | 30.01.2016 വരെ 330 അദ്ധ്യാപക ജീവനക്കാരുടെ റെഗുലറൈസേഷൻ റിപ്പോർട്ടുകൾ പി.എസ്.സി - യിൽ നിന്നും കോളേജ് വിദ്യാഭ്യാസ വകുപ്പിന് ലഭ്യമായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത അദ്ധ്യാപകരുടെ റെഗുലറൈസേഷൻ നടപടികൾ എന്നത്തേക്ക് പൂർത്തികരിക്കാൻ കഴിയും എന്നറിയിക്കാമോ? | (ഡി) | ഈ തസ്തികയുടെ നിയമന പരിശോധന 18.02.16 വരെ നടത്തുവാൻ പി.എസ്.സി. നിശ്ചയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 60 ജീവനക്കാരുടെ വെരിഫിക്കേഷൻ 2016 മാർച്ച് മാസത്തിൽ പി.എസ്.സി നടത്തുന്നതാണ്. പി.എസ്.സി വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിച്ച അദ്ധ്യാപകരുടെ റെഗുലറൈസേഷൻ പൂർത്തികരിക്കുന്നതിന് അദ്ധ്യാപകരുടെ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടും നെറ്റ് / പി.എച്ച്.ഡി. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ റിപ്പോർട്ടും അനുകൂലമായി ലഭിക്കേണ്ടതുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ അനുകൂലമായി ലഭിച്ച അദ്ധ്യാപകരുടെ റെഗുലറൈസേഷൻ നടപടികൾ പൂർത്തികരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തു നിന്നും കാലതാമസം ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ